**ഏലിയ - സ്ലീവാക്കാലം അഞ്ചാം ഞായർ**

**മത്താ 17:14-21**

## അപസ്മാര രോഗിയെ സുഖപ്പെടുത്തുന്നു

**റവ. ഫാ. പോൾ മോറെലി**

കേസറിയ ഫിലിപ്പിയിൽ ശിഷ്യന്മാരോടൊപ്പം കഴിഞ്ഞ യേശു (മത്താ. 16:13-28), പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്ക് പോയി (മത്താ. 17:1). രൂപാന്തരീകരണത്തിനു ശേഷം മലയിറങ്ങി (മത്താ. 17:9) ജനക്കൂട്ടത്തിന്റെ അടുത്തു വന്നപ്പോൾ, ശിഷ്യർക്ക് സൗഖ്യപ്പെടുത്താൻ കഴിയാതിരുന്ന അപസ്മാര രോഗിയായ തന്റെ മകന്റെ മേൽ കൃപയുണ്ടാകണമേ എന്ന് ഒരു പിതാവ് യേശുവിനോട് അപേക്ഷിക്കുന്നതും, യേശു ആ ബാലനെ ശാസിച്ചു സുഖപ്പെടുത്തുന്നതും, തങ്ങൾക്ക് എന്തുകൊണ്ട് സുഖപ്പെടുത്താൻ കഴിയുന്നില്ല എന്ന ശിഷ്യരുടെ സംശയത്തിന് അല്പവിശ്വാസം കൊണ്ട് എന്നു മറുപടി പറയുകയും ചെയ്യുന്ന സംഭവമാണ് മത്തായി 17:14-21.

അപ്സമാരരോഗിയെ സുഖപ്പെടുത്തുന്ന സംഭവം മത്തായിയെ കൂടാതെ, മർക്കോസും ലൂക്കായും വിവരിക്കുന്നുണ്ട് (മർക്കോ. 9:14-29; ലൂക്കാ. 9:37-43). ഈ അദ്ഭുതവിവരണങ്ങളുടെ പൊതുവായ ലക്ഷ്യം വിശ്വാസത്തിന്റെ ദൃഢതയെ സൂചിപ്പിക്കുക എന്നതാണെങ്കിലും, ഈ വിവരണങ്ങളുടെ സൂക്ഷ്മലക്ഷ്യങ്ങളിൽ സമാന്തര സുവിശേഷകർ വ്യത്യസ്തരാണ്. വിശ്വസിക്കുന്നവന് എന്തും സാധ്യമാണെന്ന് മത്തായിയും (മത്താ. 17:20-21), വിശ്വാസത്തെ ബലപ്പെടുത്താൻ പ്രാർത്ഥന ആവശ്യമാണെന്ന് മർക്കോസും (മർക്കോ. 9:29), ദൈവത്തിന്റെ മഹത്തായ ശക്തിപ്രകടമാക്കാനാണെന്ന് ലൂക്കായും (ലൂക്കാ. 9:43) സമർത്ഥിക്കുന്നു.

മലയിറങ്ങി വരുന്ന ക്രിസ്തു (മത്താ. 17:9), സീനായ് മലയിറങ്ങി വരുന്ന മോശയെ ഓർമ്മിപ്പിക്കുന്നു (പുറ. 24:14-32:18). ദൈവദർശനത്തിന്റെ സായൂജ്യത്താൽ മലയിറങ്ങി വരുന്ന മോശ കാണുന്നത് അവിശ്വാസം മൂലം വഴിപിഴച്ചുപോയ ഒരു ജനക്കൂട്ടത്തെയാണ്. ജനത്തിന്റെ നിർബന്ധത്തിന് വഴങ്ങി, അഹറോൻ അവർക്കുവേണ്ടി ഉണ്ടാക്കിയ കാളക്കുട്ടിയെ കണ്ടപ്പോൾ മോശ കോപാക്രാന്തനാകുന്നു (പുറ. 32:1-18). സമാനമായ ഒരു ആഖ്യാനരീതിയാണ്, മലയിറങ്ങി വരുന്ന യേശു ശിഷ്യരുടെ അവിശ്വാസത്തെ കുറ്റപ്പെടുത്തുന്നതിലൂടെ അവലംബിക്കുന്നതും.

അശുദ്ധാത്മാക്കളെ ബഹിഷ്ക്കരിക്കാനും രോഗികളെ സുഖപ്പെടുത്താനും അധികാരം നല്കപ്പെട്ട (മത്താ. 10:8, മർക്കോ. 6:7-13, ലൂക്കാ. 9:1-13) ശിഷ്യന്മാർക്ക് അപസ്മാരരോഗിയായ ബാലനെ സുഖപ്പെടുത്താൻ കഴിഞ്ഞില്ല. അവരുടെ അല്പവിശ്വാസം മൂലമാണിതെന്ന് യേശു അവരെ കുറ്റപ്പെടുത്തുന്നു. യേശു ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് (മത്താ. 16:16; 17:5) എന്ന വിശ്വാസമാണ് ശിഷ്യന്മാർക്ക് കുറഞ്ഞുപോയത്.

വിശ്വാസത്തെ സൂചിപ്പിക്കാൻ യേശു ഉപയോഗിക്കുന്നത് 'കടുകുമണി'യുടെ പ്രതീകമാണ്. വളരെ ചെറിയ ഒരു കടുകുമണിയിൽ നിന്ന് ഒരു ചെടി രൂപപ്പെടുന്നതുപോലെ, കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മല പോലും മാറിപ്പോകും യേശു ശിഷ്യരെ പഠിപ്പിക്കുന്നു. "മലയോട് മാറാൻ പറഞ്ഞാൽ" എന്നത് യഹൂദരുടെ ഒരു പഴഞ്ചൊല്ലാണ്. ഏറ്റവും അസാധ്യമായത് എന്ന അർത്ഥമാണ് ഈ ചൊല്ലിനുള്ളത്. യഥാർത്ഥ വിശ്വാസമുണ്ടെങ്കിൽ അസാധ്യകാര്യങ്ങൾക്ക് പോലും മാറ്റമുണ്ടാകും എന്നാണ് ഇത് അർത്ഥമാക്കുന്നത്. മത്തായി സുവിശേഷകനെ സംബന്ധിച്ചിടത്തോളം ബാലനായ അപസ്മാരരോഗിയുടെ സൗഖ്യാദ്ഭുതം വിശ്വാസത്തിന്റെ ശക്തിയെക്കുറിച്ച് കാണുന്നവർക്കും, തങ്ങൾക്കിടയിലെ ദൈവിക സാന്നിധ്യത്തെ ഗൗനിക്കാതിരിക്കുന്നവർക്കുമുള്ള ഒരു ഓർമ്മപ്പെടുത്തലാണ്.